# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-3445** **14.10.2011-ൽ മറുപടിക്ക്**

## ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയവും നായരങ്ങാടി സ്കൂൾ സ്റ്റേഡിയവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടിമണ്ഡലത്തിലെ ചാലക്കുടി മുനിസിപ്പാലിറ്റി വക 3.5 ഏക്കർ സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വികരിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) ഇത് സംബന്ധിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ചാലക്കുടി മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്; |
| (സി) പ്രസ്തുത മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ നായരങ്ങാടി ഗവൺമെന്റ് യു.പി. സ്കൂൾ ഗ്രൗണ്ട് വീതി കൂട്ടി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക-യുവജന കാര്യാലയം വഴി നൽകിയിരുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അംഗീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (സി) 2011-12 സാമ്പത്തിക വർഷത്തിൽ കളിസ്ഥല പുനരുദ്ധാരണത്തിനായി അപേക്ഷ ക്ഷണിച്ചപ്പോൾ പ്രസ്തുത സ്ഥാപനവും കായിക യുവജനകാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ച ശേഷം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ